File No.SJD/1604/2020-C3

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :27/05/2020
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- സാമൂഹ്യനീതിവകുപ്പ് - കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്ന വാഹനങ്ങൾ താൽക്കാലികമായി തുടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ച്

സൂചന :-

1. കൊല്ലം ജില്ല പ്രോബേഷൻ ഓഫീസർ , കണ്ണൂർ ജില്ല സമൂഹ്യനീതിഓഫീസർ എന്നിവരുടെ അപേക്ഷ
2. ഈ കാര്യാലയത്തിലെ 30/3/2020 തീയതിയിലെ ഇതേ നമ്പർ കത്ത്

സാമൂഹ്യനീതിവകുപ്പിലെ കീഴ് കാര്യാലയങ്ങളിൽ 2019-20 സാമ്പത്തിക വർഷം കരാർ വ്യവസ്ഥയിൽ വാടകക്കെടുത്ത് ഉപയോഗിച്ച് വന്നിരുന്ന വാഹനങ്ങൾ തുടർന്നും 31/5/2020 വരെ ഉപയോഗിക്കുന്നതിനു അനുമതിയും 31/5/2020 നകമായി tender നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന നിർദേശവും സൂചന 2 പ്രകാരം നൽകിയിരുന്നു. എന്നാൽ കൊവിട് 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ലോക്ക് ഡൌൺ നെ തുടർന്ന് യഥാസമയം tender നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലായെന്ന് പല കീഴ് കാര്യാലയ മേധാവികളും അറിയിച്ചിട്ടുണ്ട്, ആയതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തവർക്ക് നിലവിലെ വാഹനം താൽക്കാലികമായി തുടർന്നും ഉപയോഗിക്കാൻ അനുമതി നൽകണമെന്നും സൂചന 1 പ്രകാരം കീഴ് കാര്യാലയ മേധാവികൾ അപേക്ഷസമർപ്പിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിലും കൊവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്ത കീഴ്കാര്യാലയങ്ങളിലെ കരാർ വാഹനങ്ങൾ നിലവിലെ വാടകനിരക്കിലും മാനദണ്ഡങ്ങളിലും മാറ്റമില്ലാതെ 31/07/2020 വരെ തുടർന്നും ഉപയോഗിക്കാവുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ അനുമതിക്കായി എത്രയും വേഗത്തിൽ ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതും അല്ലാത്തവർ പുതിയ കരാർ വാഹനങ്ങളുടെ ടെണ്ടർ നടപടിക്രമങ്ങൾ 31/07/2020 നകം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എല്ലാ കീഴ് കാര്യാലയ മേധാവികളും സ്വീകരിക്കേണ്ടതാണ് എന്ന വിവരം കൂടെ അറിയിക്കുന്നു .

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർ** ക്കുവേണ്ടി